**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6726** **21-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജാതി ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളിൽ ചേർക്കുന്ന സമയത്ത് ജാതി ചേർക്കാത്ത വിദ്യാർത്ഥികൾക്ക് പിന്നീട് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജാതി ചേർക്കാൻ അവസരം നൽകുന്നുണ്ടോ; | (എ) | **സ്കൂളിൽ ചേർക്കുന്ന സമയത്ത് ജാതി ചേർക്കാത്ത വിദ്യാർത്ഥികൾക്ക് പിന്നീട് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജാതി ചേർക്കാൻ അവസരം നൽകുന്നില്ല.** |
| (ബി) | എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജാതി ചേർത്ത് കിട്ടാൻ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ജാതിയും മതവും ചേർക്കുന്നതിനായി സ്കൂൾ രേഖകളായ അഡ്മിഷൻ രജിസ്റ്ററിൽ (എൽ.പി/ യു.പി/എച്ച്.എസ്) കുട്ടിയുടെ പേര് വരുന്ന പേജിന്റെ, പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പോ കുട്ടിയെ ആദ്യമായി സ്കൂളിൽ ചേർത്ത സമയത്ത് എഴുതി കൊടുത്തിട്ടുള്ള (Application form for Admission) അപേക്ഷയുടെ അസ്സലോ, ആവശ്യമാണ്. സ്കൂൾ രേഖകളിൽ ജാതിയോ, മതമോ അല്ലെങ്കിൽ ഇത് രണ്ടുമോ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലും രേഖപ്പെടുത്താറില്ല. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി, മതം, ജാതിവിഭാഗം എന്നിവ രേഖപ്പെടുത്താതിരിക്കുകയും എന്നാൽ ഇവ സ്കൂൾ രേഖകളിൽ ഉൾപ്പെട്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവ വീണ്ടും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ചേർക്കുന്നതിനായി സ്കൂൾ റിക്കോർഡുകളോടൊപ്പം തഹസിൽദാറുടെ സർട്ടിഫിക്കറ്റിന്റെ അസ്സൽ കൂടി ഹാജരാക്കേണ്ടതാണ്. |
| (സി) | ജാതി ചേർക്കാൻ സാധിക്കില്ല എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) | നിലവിലെ നിയമമനുസരിച്ച് സ്കൂൾ രേഖകൾ പ്രകാരം മാത്രമേ ജാതി തിരുത്തി നൽകാറുള്ളൂ. |
| (ഡി) | അത്തരത്തിൽ ഉള്ളവർക്ക് സംവരണം ലഭിക്കുവാൻ ഉള്ള സാഹചര്യമുണ്ടാകുവാൻ എന്തൊക്കെ മാർഗങ്ങളാണുള്ളത്; വിശദമാക്കാമോ? | (ഡി) | ഗസറ്റ് വിജ്ഞാപനപ്രകാരം, തഹസീൽദാറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജാതി തിരുത്തി ഗസറ്റിന്റെ പകർപ്പ് സൂക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ